**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5372** **21-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് എത്ര ഗ്രൗണ്ടുകൾ, സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, സിമ്മിംഗ് പൂളുകൾ എന്നിവ ഉണ്ടെന്നും അവ ഏതൊക്കെ ജില്ലകളിൽ സ്ഥിതി ചെയ്യുന്നുവെന്നും അറിയിക്കാമോ; | (എ) | വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന എത്ര കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും, സ്കൂൾ/ കോളേജുകളിലായി പ്രവർത്തിക്കുന്ന എത്ര സ്പോർട്സ് ഹോസ്റ്റലുകളും നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | സ്പോർട്സ് കൗൺസിലിനു കീഴിൽ വിവിധ ജില്ലകളിലായി 27 ജില്ല സ്പോർട്സ് അക്കാദമികൾ, 39 കോളേജ് സ്പോർട്സ് അക്കാദമികൾ, 13 സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. |
| (സി) | ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന താരങ്ങൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടി മൂന്നാറിൽ നിർമ്മിക്കുന്ന അത്യന്താധുനിക കായിക സമുച്ചയത്തിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; ഇത് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ; | (സി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | 2023 ഒക്ടോബറിൽ ഗോവയിൽ നടന്ന 37-ാമത് ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി മെഡൽ നേടിയ കായിക താരങ്ങൾക്ക് പ്രഖ്യാപിച്ച ക്യാഷ് അവാർഡ് മുഴുവൻ നൽകിയോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്ന് അറിയിക്കുമോ; | (ഡി) | 2023 ഒക്ടോബറിൽ ഗോവയിൽ നടന്ന 37-ാമത് ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി മെഡൽ നേടിയ മുഴുവൻ കായികതാരങ്ങൾക്കും പ്രഖ്യാപിച്ച ക്യാഷ് അവാർഡ് നൽകിയിട്ടില്ല.<br><br>ആദ്യ ഘട്ടത്തിൽ, മെഡൽ നേടിയ 221 പേരിൽ 164 പേരുടെ അക്കൗണ്ട് വിവരങ്ങൾ സ്പോർട്സ് കൗൺസിലിൽ നിന്നും ലഭ്യമായതനുസരിച്ച് ടി കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് അനുവദിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | ക്യാഷ് അവാർഡ് നൽകുവാൻ അവശേഷിക്കുന്ന 57 മെഡൽ ജേതാക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്കും കൗൺസിലിന്റെ അംഗീകാരമുള്ള കായിക സംഘടനകൾക്കും സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വരുന്ന ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കും കൊടുക്കാനുള്ള കുടിശ്ശിക എത്രയെന്ന് അറിയിക്കാമോ; | (ഇ) | വിവരം ശേഖരിച്ച് വരുന്നു. |
| (എഫ്) | സ്പോർട്സ് കൗൺസിലിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിന്റെയും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങളുടെയും കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ; | (എഫ്) | വിവരം ശേഖരിച്ച് വരുന്നു. |
| (ജി) | സംസ്ഥാന സ്പോർട്സ് കൗൺസിലിലും ജില്ലാ സ്പോർട്സ് കൗൺസിലിലുമായി സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥിരം സ്റ്റാഫുകളുടെയും താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫുകളുടെയും വിശദാംശങ്ങൾ തസ്തികയുടെ പേര്, അനുവദിച്ച എണ്ണം, നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, ഒഴിവുകളുടെ എണ്ണം എന്നിവ തിരിച്ച് ലഭ്യമാക്കുമോ? | (ജി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ